**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3530.** **11/12/2018-ൽ മറുപടിയ്ക്ക്.**

**കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപ്പറേഷന്റെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുള്ളതും, 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്റ്റ് അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ച് വയ്ക്കാവുന്ന വിധത്തിൽ പണികഴിപ്പിച്ചിട്ടുള്ള 2 ലക്ഷം മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകളും, ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്നു. സർക്കാർ സഹായത്തോടെ ആലത്തൂരിൽ ഒരു മോഡേൺ റൈസ് മില്ലും കോർപ്പറേഷൻ പണികഴിപ്പിച്ചിട്ടുണ്ട്. വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങളുടെ മേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ കർഷകർക്ക് ബാങ്കുകളിൽ നിന്നും കാർഷികവായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.<br><br>സർക്കാർ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന പ്രൈസ് സപ്പോർട്ട് സ്കീം മുഖേന കൊപ്ര, റബ്ബർ, നെല്ല് തുടങ്ങിയവയുടെ സംഭരണവും വെയർഹൗസിംഗ് |

കോർപ്പറേഷൻ നടത്തിവരുന്നു. കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കേട്ടുകൂടാതെ നിലനിർത്തുന്നതിന് ഉപയോഗിക്കുന്ന കീട- നശീകരണ പ്രവർത്തനങ്ങൾ കൃഷിയിടങ്ങളിലും, കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിലും, ആയത് കർഷകരുടെ വീടുകളിലും ഉത്തരവാദിത്വത്തോടെ നിർവ്വഹിച്ചുവരുന്നു. ഇതിനായി പ്രത്യേകം പരിശീലനം സിദ്ധിച്ച ജീവനക്കാർ കോർപ്പറേഷനിൽ ഉണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ വെയർഹൗസിംഗ് കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത "റോഡോഫോ" എന്ന എലിവിഷ ബെയ്റ്റ് കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും, കൃഷി ഭവനുകൾ മുഖേനയും നടത്തുന്ന എലി നശീകരണ പദ്ധതികളിൽ വളരെ വിജയകരമായി ഉപയോഗിച്ചുവരുന്നു. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കീടനശീകരണ പ്രവർത്തനം കപ്പലുകളിലും, കൊച്ചി മെട്രോ, കേരള ഹൈക്കോടതി, കേരള നിയമസഭ, കൊച്ചിൻ ഷിപ്പ് യാർഡ്, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നടത്തിവരുന്നു.

കേരളത്തിൽ നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ആയതിന്റെ വിജയകരമായ പ്രവർത്തനത്തിന് കോർപ്പറേഷന്റെ സ്വന്തം ഗോഡൗണുകൾക്ക് പുറമെ ഗോഡൗണുകൾ വാടകയ്ക്ക് എടുത്തു നൽകി ഭക്ഷ്യ സുരക്ഷാ പദ്ധതി വിജയിപ്പിക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തണമെന്ന സർക്കാരിന്റെ നയം പൂർണ്ണമായും നടപ്പിലാക്കുന്നതിന് സഹായകരമാകുന്നു.

(ബി) 2018-19 ബഡ്ജറ്റിൽ പ്രസ്തുത കോർപ്പറേഷനായി വകയിരുത്തിയ പ്ലാൻ ഫണ്ട് തുക ചെലവാക്കാൻ സാധിക്കാത്തതു

(ബി) ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ് എന്ന വ്യവസ്ഥയോടെ 2018-19

| | |
|---|---|
| എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | സാമ്പത്തിക വർഷത്തിൽ 06/06/2018-ലെ സ.ഉ. (എം.എസ്.) നം. 78/2018/എ.ഡി. പ്രകാരം 75.00 ലക്ഷം രൂപ കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും, സുരക്ഷാമേൽനോട്ട സംവിധാനത്തിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.<br><br>ഗോഡൗൺ-കം-അഗ്രി കോംപ്ലക്സ് നിർമ്മാണത്തിന് ആവശ്യമായ ശേഷിച്ച തുക നബാർഡ് അല്ലെങ്കിൽ അർഹതപ്പെട്ട മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിക്കുമെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ടി തുക അനുവദിക്കുന്നതാണെന്ന നിബന്ധനയോടെ 08/06/2018-ലെ സ.ഉ.(എം.എസ്.) നം. 80/2018/എ.ഡി. പ്രകാരം ഗോഡൗൺ-കം-അഗ്രി കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 200 ലക്ഷത്തിന്റെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.<br><br>ആസൂത്രണ ബോർഡ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതാണ് എന്ന വ്യവസ്ഥയോടെ 13/06/2018-ലെ സ.ഉ. (എം.എസ്.) 81/2018/എ.ഡി. പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് "ഷെയർ പാർട്ടിസിപ്പേഷൻ" ഇനത്തിൽ 50 ലക്ഷം രൂപ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.<br><br>2018-19 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന പ്രസ്തുത 3.25 കോടി രൂപ അനുവദിക്കുന്നതിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്<br><br>ഭരണാനുമതി ഉത്തരവുകളിലെ നിർദ്ദേശങ്ങൾ എല്ലാംതന്നെ പാലിച്ചുവെന്ന് ഉറപ്പ് വരുത്തി ടി വിവരങ്ങൾ അറിയിക്കുന്നതിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>എന്നാൽ, കേരളം നേരിട്ട കടുത്ത കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽ 20% കുറവു വരുത്തേണ്ടതാണെന്ന ധനകാര്യ വകുപ്പിന്റെ 29/09/2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 153/2018/ധന-ൽ നിർദ്ദേശിച്ച പ്രകാരം പദ്ധതി |

വിഹിതത്തിൽ കുറവു വരുത്തേണ്ട 111.22 കോടി രൂപ കൃഷി വകുപ്പിന്റെ 27 സ്കീമുകളിലെ 81 കമ്പോണന്റുകളിൽ നിന്നും കണ്ടെത്തേണ്ടിയിരുന്നതിനാൽ മേൽ 111.22 കോടി രൂപയിൽ വെയർഹൗസിംഗ് കോർപ്പറേഷന് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന കമ്പ്യൂട്ടർവൽക്കരണത്തിനും, സുരക്ഷാ മേൽനോട്ട സംവിധാനത്തിനുമുള്ള 75 ലക്ഷം രൂപയും ഗോഡൗൺ-കം-അഗ്രി കോംപ്ലക്സിന് വകയിരുത്തിയിരുന്ന 200 ലക്ഷം രൂപയും ഉൾപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ 111.22 കോടി രൂപ (20%) കുറവ് വരുത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ധനകാര്യ വകുപ്പിൽ സ്വീകരിച്ചുവരുന്നു. മേൽപരാമർശിച്ച കാരണങ്ങളാൽ 2018-19 ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനായി വകയിരുത്തിയ പ്ലാൻ ഫണ്ട് തുക ചെലവാക്കാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ